⇨ *ഇതിനെയൊക്കെ അതിജീവിച്ച് വിജയം വരിച്ച നിരവധി സമരങ്ങൾ കേരളത്തിലുണ്ട്* ⇨

# തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് ജനകീയസമരപക്ഷത്ത് നിന്നും

പാരിസ്ഥിതിക വിനാശങ്ങൾക്കും വിഭവ ചൂഷണത്തിനും അഴിമതിക്കും അവകാശലംഘനങ്ങൾക്കും എതിരായി ഉയർന്നുവരുന്ന ജനകീയസമരങ്ങൾ 2014ലെ ലോകസഭാ തെരഞ്ഞെടുപ്പോടെ ഇലക്ഷനിലും ഫലപ്രദമായി ഇടപെടാൻ കഴിയും വിധം കരുത്താർജ്ജിരിക്കുന്നു. പരിമിതികളും അഭിപ്രായഭിന്നതകളും നിലനിൽക്കുന്നുണ്ടെങ്കിലും തെരഞ്ഞെടുപ്പ് ഫലവും പ്രചരണവും പ്രതീക്ഷനൽകുന്നുണ്ട്.

**സി.ആർ. നീലകണ്ഠൻ**

**ജനകീയ** വിഷയങ്ങൾ പലതും കക്ഷി രാഷ്ട്രീയത്തിനു പുറത്തായിട്ട് രണ്ടുപതിറ്റാണ്ടുകാലം കഴിഞ്ഞിരിക്കുന്നു. ഭരണത്തിലെത്തിയാൽ എല്ലാ കക്ഷികൾക്കും വേണ്ടത് മൂലധന സൗഹൃദനയങ്ങളാണ്. പ്രകൃതി വിഭവങ്ങളായാലും പൊതു ആസ്തികളായാലും മൂലധനത്തിന്റെ സൗകര്യത്തിന് വേണ്ടി ഒരുക്കിക്കൊടുക്കുന്നതാണ് ഇന്ന് 'ഭരണനിർവ്വഹണം'. അതാണ് കാര്യശേഷി എന്നാണ് സമൂഹത്തെ വിശ്വസിപ്പിച്ചിരിക്കുന്നത്. ഈ മൂലധനാധിനിവേശത്തെ സംഘടിത തൊഴിലാളികളും അവരുടെ യൂണിയൻ നേതൃത്വങ്ങളും പ്രതിരോധിക്കുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും സ്വാഗതം ചെയ്യുന്നുമുണ്ട്. പ്രകൃതി-മനുഷ്യവിഭവക്കൊള്ളയുടെ ഒരു ചെറിയ പങ്ക് അവർക്കുകിട്ടിയാൽ ഏതു പാരിസ്ഥിതിക കൊള്ളയേയും ചൂഷണങ്ങളെയും അവർ പിന്തുണക്കുകയാണ്. ഈ കൊള്ളയുടെ ഇരകളാക്കപ്പെടുന്ന മനുഷ്യർ ശക്തമായി പ്രതിരോധിക്കാറുണ്ട്. എന്നാൽ മുഖ്യധാരാ രാഷ്ട്രീയവും മാധ്യമങ്ങളും ആദ്യഘട്ടത്തിൽ ഈ സമരങ്ങളെ പൂർണമായും അവഗണിക്കുന്നു. സമരങ്ങൾ ശക്തിപ്പെടുകയും ഭരണകൂടഅജണ്ടകളെ തന്നെ സ്വാധീനിക്കാൻ തുടങ്ങുകയും ചെയ്യുമ്പോഴാണ് മുഖ്യധാരാ കക്ഷികൾ പ്രതികരിക്കുക. മിക്കപ്പോഴും സമരങ്ങൾക്കെതിരായിരിക്കും അവരുടെ പ്രതികരണം. 'വികസന വിരുദ്ധത' യാണ് ആദ്യത്തെ ആരോപണം. പിന്നീട് 'ചെറുസംഘങ്ങൾ', ഉത്തരവാദിത്തമില്ലാത്തവർ, തീവ്ര-ഭീകരവാദികൾ, വിദേശഫണ്ട് കൈപ്പറ്റുന്നവർ എന്നിങ്ങനെ പലതും വരാം. ശക്തമായ പോലീസ് ഇടപെടലുണ്ടാകും. ഇതിനെയൊക്കെ അതിജീവിച്ച് വിജയം വരിച്ച നിരവധി സമരങ്ങൾ കേരളത്തിലുണ്ട്. സൈലന്റ്‌വാലി സംരക്ഷണമായിരുന്നു തുടക്കം. ചാലിയാറിനെ മലിനമാക്കുന്ന ഗ്വാളിയാർ റയൺസിനെ പ്രതിരോധിച്ച സമരവും ഏറെക്കാലം നീണ്ടുനിന്നു. എന്നാൽ 1990കളുടെ രണ്ടാം പകുതിയായതോടെ ഇത്തരം സമരങ്ങൾ പ്രകടമായി. പ്ലാച്ചിമട തന്നെയാണ് മാതൃക. വിളപ്പിൽശാലയടക്കം നിരവധി മാലിന്യവിരുദ്ധ സമരങ്ങൾ, എക്സ്പ്രസ് ഹൈവേ, ആലപ്പുഴ തീരത്തെ കരിമണൽ ഖനനം, നിരവധി ഇടങ്ങളിലെ മണൽ - പാറഖനന പദ്ധതികൾ, കുടിയൊഴിക്കപ്പെട്ടവരുടെയും കുടിയൊഴിക്കപ്പെടാൻ സാധ്യതയുള്ളവരുടെയും സമരങ്ങൾ, എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിന്റെ ഇരകളുടെ സമരങ്ങൾ.... ഈ പട്ടിക നീണ്ട

➪ *ജനകീയ സമരങ്ങളും മുഖ്യധാരാ രാഷ്ട്രീയമായുള്ള ബന്ധം മിക്കപ്പോഴും വൈരുദ്ധ്യാത്മകമായി തുടരുന്നു* ➪



താണ്. മിക്കപ്പോഴും പല മുഖ്യധാരാ കക്ഷികളും അതിന്റെ നേതാക്കളും ഈ സമരങ്ങളോട് അനുഭവപൂർണമായ നിലപാടെടുക്കാൻ തുടങ്ങിയത് പ്ലാച്ചിമട സമരം മുതലാണ്. തുടക്കത്തിൽ മിക്കകക്ഷികളും ഈ സമരത്തെ പുച്ഛത്തോടെയും വെറുപ്പോടെയുമാണ് കണ്ടത്. പിന്നീടതിൽ മാറ്റംവന്നു. കാസർകോട്ടെ എൻഡോസൾഫാൻ, എക്സ്പ്രസ് ഹൈവേ, കരിമണൽ ഖനനം.... എല്ലാം ഇവരുടെകൂടി ഇടപെടൽ വഴി വിജയിച്ചവയാണ്. ചെങ്ങറയും മൂലമ്പള്ളിയും മറ്റും സർക്കാരുകൾക്ക് ജനങ്ങളുടെ പ്രതിരോധത്തെ അംഗീകരിക്കേണ്ടിവന്ന സമരങ്ങളാണ്.

എങ്കിലും ജനകീയ സമരങ്ങളും മുഖ്യധാരാ രാഷ്ട്രീയമായുള്ള ബന്ധം മിക്കപ്പോഴും വൈരുദ്ധ്യാത്മകമായി തുടരുന്നു. ഇത് ഏറ്റവും പ്രകടമാകുന്നത് തെരഞ്ഞെടുപ്പുകളിലാണ്. രാഷ്ട്രീയത്തെ ജാതിയും മതവും കുലവും ഗോത്രവും പോലെ (അരാഷ്ട്രീയമായി) കാണുന്നവരാണ് ജനങ്ങളിൽ നല്ലൊരു പങ്കും. ഇരകളെന്ന രീതിയിൽ സമരങ്ങളിൽ പങ്കെടുക്കുമ്പോഴും തെരഞ്ഞെടുപ്പിൽ അവർക്ക് 'സ്വന്തം' കക്ഷികളോട് താത്പര്യം പ്രകടിപ്പിക്കേണ്ടിവരുന്നു. ഇതു നന്നായറിയാവുന്നതിനാൽ തന്നെ മുഖ്യധാരാ കക്ഷികൾ സമരത്തോട് ദ്വിമുഖ നിലപാടെടുക്കുന്നു.

എന്നാൽ സമരാനുഭവങ്ങൾകൊണ്ട് പലപ്പോഴും ജനകീയ സംഘടനകൾ കൂടുതൽ അടവുകളും തന്ത്രങ്ങളും പ്രയോഗിക്കുന്നു. സമരത്തിലെ ഐക്യബോധം മുഖ്യധാരാകക്ഷികളുമായി വിലപേശാനുള്ള ഒരു ഉപാധിയാക്കി മാറ്റാൻ അവർക്കു കഴിയുന്നു. മുഖ്യധാരയിലെ പല നേതാക്കളും ജനകീയസമരങ്ങളെ പിന്തുണക്കുക വഴി സ്വന്തം പാർട്ടികൾക്കകത്തും പൊതുസമൂഹത്തിലും കൂടുതൽ സ്വീകാര്യരാകുന്നു. സമരങ്ങളോടൊപ്പം നിൽക്കാതെ മറ്റുവഴിയില്ലെന്ന സ്ഥിതിയിൽ ഇവരിൽ പലരും എത്തിച്ചേരുന്നു. ഇത് സമരങ്ങളെ ശക്തിപ്പെടുത്തുകയും വിജയം നേടാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയകക്ഷികളെയൊക്കെ അവഗണിച്ചാലും മുഖ്യധാരാ രാഷ്ട്രീയക്കാരുടെ കയ്യിലാണ് അധികാരമെന്നതിനാൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ തള്ളിക്കളയാനാകില്ല. അതുകൊണ്ടുതന്നെ അവരുടെ ഏറ്റവും വലിയ 'ദൗർബല്യ'മായ തെരഞ്ഞെടുപ്പുകളിൽ നേരിട്ട് ഇടപെടുകയെന്നത് അനിവാര്യമാണെന്ന ധാരണ സമരസമിതികളിൽ ശക്തിപ്പെട്ടുവന്നു. പക്ഷെ ഇതെങ്ങനെ?

ഏത് ജനകീയ സമരത്തേയും സ്വന്തം കക്ഷി താല്പര്യത്തിനുതകുംവിധം പരുവപ്പെടുത്താൻ രാഷ്ട്രീയ നേതാക്കൾക്ക് കഴിയും. അതുകൊണ്ടുതന്നെ പലയിടത്തും 'തെരഞ്ഞെടുപ്പ് ബഹിഷ്ക്കരണം' എന്ന തന്ത്രം പലരും പ്രയോഗിച്ചു. എന്നാൽ പഴയകാലത്തേതുപോലെ ഇന്നിത് ഫലപ്രദമല്ല. 'വോട്ട് ബാങ്ക്' രാഷ്ട്രീയം ശക്തിപ്പെടുമ്പോഴാണ് ബഹിഷ്കരണം പ്രസക്തമാകുന്നത്. ഏതെങ്കിലും ഒരു കക്ഷിക്ക് മേൽക്കൈയുള്ള പ്രദേശത്തെ വോട്ടർമാർ ബഹിഷ്ക്കരണ പ്രഖ്യാപനം നടത്തിയാൽ ആ കക്ഷിക്കു മാത്രമായിരുന്നു ആകാംക്ഷ. അവർ ഏതെങ്കിലും വിധത്തിൽ പ്രശ്ന പരിഹാരത്തിനായി ശ്രമിക്കും. എന്നാൽ ഇന്ന് അതല്ല സ്ഥിതി. പ്രത്യേക ശക്തിയുള്ള 'മേഖലകൾ' എന്ന ഒന്നില്ല. ബഹിഷ്ക്കരിച്ചാൽ 'ഇരുകൂട്ടർക്കും' ഒരുപോലെയെന്നതിനാൽ ആരും കാര്യമായി അതിനെ ഗൗനിക്കാതെയായി.

തെരഞ്ഞെടുപ്പിൽ സമരസംഘടനകൾ സ്വന്തം സ്ഥാനാർത്ഥികളെ നിർത്തുന്നരീതി ഏറെ ചർച്ചചെയ്യപ്പെട്ടതാണ്. (ഇന്നും ചർച്ച തുടരുന്നു.) സമരസംഘടനകളിൽത്തന്നെ ഇതിനെതിരെ വിമർശനം ഉയർന്നുവരാറുണ്ട്. വ്യത്യസ്ത 'രാഷ്ട്രീയ വിശ്വാസികൾ' പങ്കെടുക്കുന്ന സമരത്തെ ഇത് ഭിന്നിപ്പിക്കും എന്നതാണ് ഒരു പ്രധാന വാദം. സമരസംഘടനകൾക്ക് മുഖ്യധാരയുമായി തെരഞ്ഞെടുപ്പിൽ 'പോരടിക്കാനുള്ള ശേഷി' ഉണ്ടോയെന്നതും പ്രശ്നമാണ്. എന്നാൽ ചില പരീഷണങ്ങൾ മുമ്പും നടന്നിട്ടുണ്ട്. ആദിവാസി ഗോത്രമഹാസഭ സ്വയം രാഷ്ട്രീയകക്ഷിയായി തെരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ടായിരുന്നു. കർഷക സംഘടനയായ ഫാർമേഴ്സ് റിലീഫ് ഫോറവും രംഗത്തുവരാറുണ്ട്. (ഇപ്പോൾ രണ്ടും ഇല്ല.) ഒരു സമരസംഘടനയെന്ന രീതിയിൽ, പ്രാദേശിക വിഷയത്തിൽ നേരിട്ട് മത്സരരംഗത്തെത്തിയത് 2009 ലെ ലോകസഭാ

> 2014 ആയപ്പോഴേക്കും സമരസംഘടനകൾ പലതും കൂടുതൽ സ്ഥാപനവൽക്കരിക്കപ്പെടുകയും തെരഞ്ഞെടുപ്പിൽ സ്വന്തം സാന്നിദ്ധ്യം തെളിയിക്കാൻ ശേഷിയുള്ളവരാകുകയും ചെയ്തു. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഫലം ഈ വിധത്തിൽ അവലോകനം ചെയ്യപ്പെടേണ്ടതുണ്ട്.

തെരഞ്ഞെടുപ്പിൽ എറണാകുളം മണ്ഡലത്തിൽനിന്നും മൂലമ്പിള്ളിയിൽ നിന്നും കുടിയിറക്കപ്പെട്ട മേരി ഫ്രാൻസിസ് സ്ഥാനാർത്ഥിയായതിലൂടെയാണ്. ഒപ്പം മുരിയാട് കർഷക സമിതി സ്ഥാനാർത്ഥിയായ കുഞ്ഞൻ തൃശൂരിലും മത്സരിച്ചു. മൂലമ്പിള്ളി വിഷയം മുഖ്യധാരയിൽ കൊണ്ടുവരാൻ ആ തെരഞ്ഞെടുപ്പ് സഹായകമായി എന്ന കാര്യത്തിൽ സംശയമില്ല.

2014 ആയപ്പോഴേക്കും സമരസംഘടനകൾ പലതും കൂടുതൽ സ്ഥാപനവൽക്കരിക്കപ്പെടുകയും തെരഞ്ഞെടുപ്പിൽ സ്വന്തം സാന്നിദ്ധ്യം തെളിയിക്കാൻ ശേഷിയുള്ളവരാകുകയും ചെയ്തു. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഫലം ഈ വിധത്തിൽ അവലോകനം ചെയ്യപ്പെടേണ്ടതുണ്ട്. (അതിനുപകരം 12:8 തുടങ്ങിയ രീതിയിലെ ഇടതു-വലതു പങ്കുവെപ്പുകളോ ബി.ജെ.പിയുടെ വോട്ടുവർദ്ധനവോ വോട്ടുകച്ചവടമോ ലാഭനഷ്ടകണക്കുകളോ അല്ല പ്രധാനമാകുന്നത്). ജനകീയസമരങ്ങൾ വ്യത്യസ്തരീതിയിൽ തെരഞ്ഞെടുപ്പുകളിൽ പ്രതിഫലിക്കപ്പെട്ടിട്ടുണ്ട്. സമരസംഘടനകൾ നേരിട്ടു മത്സരിക്കുന്നതിനോടൊപ്പം അവരുടെ പിന്തുണക്കാരായവർ കക്ഷികളുടെ പിൻബലത്തിൽ മത്സരിക്കുന്നതും കാണാൻ കഴിഞ്ഞു. ജനകീയ സമരങ്ങളെ എപ്പോഴും പിന്തുണക്കുന്ന കക്ഷികൾ തനിച്ചു മത്സരിക്കുകയും ചെയ്തു.

വടക്കുനിന്നു തുടങ്ങാം. എൻഡോസൾഫാൻ ദുരിതവാസികൾക്കായി പോരാടുന്ന സംഘടനയുടെ നേതാവ് അമ്പലത്തറ കുഞ്ഞികൃഷ്ണൻ കാസർഗോഡ് മണ്ഡലത്തിൽ മത്സരിച്ചത് ആം ആദ്മി സ്ഥാനാർഥിയായാണ്. അദ്ദേഹത്തിന് അയ്യായിരത്തോളം വോട്ടുകൾ നേടാനായി. (കടുത്ത മത്സരം മുഖ്യധാരാ കക്ഷികൾ തമ്മിൽ നടന്ന മണ്ഡലമാണ് കാസർഗോഡ്). അത്തരം മണ്ഡലങ്ങളിൽ ഓരോ കക്ഷിയും തങ്ങളുടെ 'പരമാവധി' വോട്ടുകൾ നേടാൻ ഏതടവും പ്രയോഗിക്കും. ഒരുതരം സ്മാർട്ട് മാച്ചിന്റെ ജ്വരം അണികളിൽ കയറ്റാൻ കഴിയുക വഴി സമരത്തിനൊപ്പം നിൽക്കുമ്പോഴും (ജയിക്കാൻ സാധ്യതയുള്ള) സ്വന്തം കക്ഷിക്ക് പലരും വോട്ടു ചെയ്തുപോകും. 2009 ൽ എറണാകുളം മണ്ഡലത്തിൽ ഈ അനുഭവം പ്രകടമായിരുന്നു. താരതമ്യേന ഏകപക്ഷീയമാവുന്നിടങ്ങളിലാണ് സമരസമിതികൾ കൂടുതൽ വോട്ടുനേടുന്നതെന്നർഥം.

സമരസംഘടനയല്ലെങ്കിലും അവരെ സഹായിക്കുന്ന വെൽഫെയർ പാർട്ടി, ആർ.എം.പി, എസ്.യു.സി.ഐ എന്നിവരും ആം ആദ്മി പാർട്ടിയും പിടിച്ച വോട്ടുകളും ഒരു പരിധിവരെ ജനകീയ സമരത്തിനു കിട്ടുന്ന വോട്ടുകൾ തന്നെ! ഈ കക്ഷികൾ തമ്മിൽ പലയിടത്തും 'കടുത്ത' മത്സരം ഉണ്ടായിരുന്നുവെന്നതും മറക്കുന്നില്ല. പൊന്നാനി മണ്ഡലത്തിൽ മത്സരിച്ച ടി.പി അബുലൈസ്, കൃത്യമായും ഒരുസമരത്തെ പ്രതിനിധീകരിച്ചാണ് മത്സരിച്ചത്. ഇവിടെ ആം ആദ്മിയുടെ കൂടി പിന്തുണകിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അതുണ്ടായില്ല. അവർക്ക് വേറെ സ്ഥാനാർത്ഥിയുണ്ടായിരുന്നു. ദേശീയപാതയുടെ സ്വകാര്യവത്കരണത്തിനും, ബി.ഒ.ടി വ്യവസ്ഥകൾക്കുമെതിരെയും അതിനായി ജനലക്ഷങ്ങളെ കുടിയിറക്കുന്നത് തടയുന്നതിനും വേണ്ടിയും പ്രവർത്തിക്കുന്ന ദേശീയപാത ആക്ഷൻ കൗൺസിലിന്റെ ജില്ലാ പ്രവർത്തകനായ അബുലൈസ് 11,134 വോട്ടുകൾ നേടിയെന്നത് ചെറിയ കാര്യമല്ല. ഇവിടെ മുസ്ലീംലീഗ് സ്ഥാനാർത്ഥി കനത്ത വെല്ലുവിളി നേരിട്ടുവെന്നതിനാൽത്തന്നെ ലീഗിന്റെ പരമാവധി വോട്ടുകൾ സമാഹരിക്കാൻ അവർ ശ്രമിച്ചു. മറുവശത്തും അതുണ്ടായതിനാലാണ് അബുലൈസിന് ഇത്ര

*⇨ സംസ്ഥാന സർക്കാർ നേരിട്ട് 30 മീറ്ററിൽ ആറുവരിപാത പണിയാൻ തീരുമാനിച്ചു ⇨*

യും വോട്ടിൽ ഒതുങ്ങേണ്ടിവന്നത്. പക്ഷെ ഇതിനിടയിൽ മറ്റൊന്നുകൂടി സംഭവിച്ചു. ശക്തമായ ജനകീയ പ്രക്ഷോഭത്തെ തുടർന്ന് ബി.ഒ.ടി റോഡിനു വേണ്ടി കേരളത്തിൽ അധികഭൂമി (45 മീറ്റർ വീതിയിൽ) ഏറ്റെടുക്കുക അസാധ്യമാണെന്ന് ബോധ്യപ്പെട്ടതിനാലും കേരളീയ സമൂഹത്തിൽ ടോൾപിരിവ് അനായാസമായില്ലെന്ന് തിരിച്ചറിഞ്ഞതിനാലുമാകണം ദേശീയപാതാ അഥോറിട്ടി ഓഫ് ഇന്ത്യ എന്ന സ്ഥാപനം നാടുവിട്ടുപോയി. സംസ്ഥാന സർക്കാർ നേരിട്ട് 30 മീറ്ററിൽ ആറുവരിപാത പണിയാൻ തീരുമാനിച്ചു. യഥാർഥത്തിൽ ഇതിനുവഴിവച്ചത് അബുലൈസിന്റെ സ്ഥാനാർത്ഥിത്വം കൂടയാണ്. ജനകീയസമരത്തിന് പിന്നിൽ ജനങ്ങളുണ്ടെന്നും അവരെ പിണക്കിയാൽ അതു തങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുമെന്നും മുഖ്യധാരാ കക്ഷികൾ തിരിച്ചറിയുന്നുവെന്നതിന്റെ തെളിവാണിത്. അബുലൈസിന് പൊന്നാനിയിൽ നിന്നും വിജയിച്ച് എം.പിയാവാൻ കഴിയില്ലെന്ന് നമുക്കെല്ലാമറിയാം. എന്നാൽ അതിനേക്കാൾ പ്രധാനപ്പെട്ട ഒരു വിജയം വോട്ടെണ്ണുന്നതിന് മുമ്പുതന്നെ ഉണ്ടായി.

നിരവധി ജനകീയ സമരങ്ങൾ നടക്കുന്ന മേഖലയാണ് തൃശൂർ നിയോജകമണ്ഡലം. അവിടെ തെരഞ്ഞെടുപ്പ് രംഗത്ത് മൂന്നു സ്ഥാനാർഥികൾ മത്സരരംഗത്തുണ്ടായിരുന്നു. ഒട്ടുമിക്ക ജനകീയ സമരങ്ങൾക്കും പിന്തുണച്ച് സാംസ്കാരികരംഗത്ത് ഇടപെടുന്ന പ്രൊഫ. സാറാജോസഫ് ആം ആദ്മി കക്ഷിയുടെ സ്ഥാനാർത്ഥിയായിരുന്നു. തൊട്ടുപിന്നാലെ ദേശീയപാതാ കുടിയൊഴിക്കൽ സ്വകാര്യവൽക്കരണ വിരുദ്ധസമിതിയുടെ നേതാവും പാലിയേക്കര ടോൾ വിരുദ്ധസമരത്തിന്റെ സംഘാടകനും ആർ.എം.പി സംസ്ഥാന അധ്യക്ഷനുമായ ടി.എൽ സന്തോഷും രംഗത്തെത്തി. (ഈ വൈരുദ്ധ്യം ഒഴിവാക്കാൻ കഴിയാത്തതിൽ മറ്റ് സാമൂഹ്യപ്രവർത്തകർക്കൊപ്പം അൽപം കുറ്റബോധം ലേഖകനുമുണ്ട്). തമ്മിൽ പോരടിച്ചപ്പോഴും ഇരുവരും ചേർന്ന് 50,000-ൽ പരം വോട്ട് നേടി. ഒന്നിച്ചു നിന്നിരുന്നെങ്കിൽ ഈ സംഖ്യ 75,000ന് അടുത്തുവരുമായിരുന്നു. നഴ്സുമാരുടെ സമരസംഘടനാ നേതാവ് ജാസ്മിൻ ഷായും തൃശൂരിൽ സ്ഥാനാർഥിയായി. ഇവരെയും ഐക്യത്തിൽ കൊണ്ടുവരേണ്ടതായിരുന്നു. അദ്ദേഹം 4000-ഓളം വോട്ടുകൾ നേടി. ചാലക്കുടി മണ്ഡലത്തിലും ഇതുപോലെ ജനകീയ സമരങ്ങളുടെ പിന്തുണക്കാർ തമ്മിൽ ഏറ്റുമുട്ടിയ കാഴ്ച നാം കണ്ടു. മണ്ഡലത്തിൽ നടക്കുന്ന ശക്തമായ സമരങ്ങളിൽ ഒന്നാണ് കാതിക്കുടം നിറ്റാജലാറ്റിൻ കമ്പനി ചാലക്കുടി പുഴമലിനീകരിക്കുന്നതിനെതിരായ സമരം. ആ സമരസംഘടനയുടെ പ്രതിനിധിയായി ജെയ്സൺ പാനിക്കുളങ്ങരയെന്ന മുൻ കോൺഗ്രസ് നേതാവ് മത്സരിച്ചു. തീർത്തും പ്രാദേശിക വിഷയമായതും ഇടതുവലതു മുന്നണികൾ തമ്മിൽ കടുത്തപോരാട്ടം നടന്നതും മൂലം പ്രതീക്ഷിച്ചവോട്ടുകൾ നേടാനായില്ലെന്നത് മറ്റൊരു കാര്യം. എന്നാൽ ഇവിടെ കാതിക്കുടമടക്കം എല്ലാ സമരങ്ങൾക്കും പിന്തുണ നൽകുന്ന വെൽഫെയർ പാർട്ടിയുടെ സംസ്ഥാന നേതാവ് കെ. അംബുജാക്ഷനും ആം ആദ്മിയുടെ കെ.എം. നുറുദ്ദീനും മത്സരത്തിനുണ്ടായിരുന്നു. അംബുജാക്ഷൻ 13,000 ഓളവും നുറുദ്ദീൻ 35,000 പരവും വോട്ടുകൾ നേടി.

പത്തനംതിട്ടയിൽ മത്സരിച്ച എം.ജി. സന്തോഷ് കുമാറാണ് പാരിസ്ഥിതിക തകർച്ചക്കെതിരെയെന്ന് പ്രഖ്യാപിച്ചുകൊണ്ട് മത്സരിച്ചത്. കലഞ്ഞൂർ പഞ്ചായത്തിലടക്കം നിരവധി ഇടങ്ങളിൽ പാറമടകൾക്കെതിരായി കടുത്ത ജനകീയ പോരാട്ടം നടത്തുന്ന സന്തോഷ്കുമാറിന്റെയും അദ്ദേഹത്തെ പിന്തുണച്ച പശ്ചിമഘട്ട സംരക്ഷണ സമിതിയുടെയും ഏറ്റവും പ്രധാന മുദ്രാവാക്യം ഗാഡ്ഗിൽ സമിതി റിപ്പോർട്ട് നടപ്പിലാക്കുകയെന്നതാണ്. ആ റിപ്പോർട്ടിൽ ആവശ്യപ്പെടുന്നതുപോലെ മലയാള പരിഭാഷ ഗ്രാമസഭകളിൽ അച്ചടിച്ച് വിതരണം ചെയ്യുകയെന്നതാണ് അവർ പ്രചരണത്തിൽ ഉന്നയിച്ച പ്രധാന ആവശ്യം. 5000-ഓളം വോട്ടുകളേ നേടാനായുള്ളൂവെങ്കിലും ഈ വിഷയം ചർച്ചക്കുവന്നു. ഇടുക്കിയിലും മറ്റും ശക്തരായ മാഫിയകൾ ഈ റിപ്പോർട്ടിനെതിരെ ശബ്ദിക്കുമ്പോൾ, അതിന്റെ സത്യസന്ധത തുറന്നുകാട്ടാൻ ഇതിലൂടെ കഴിഞ്ഞു. ചെങ്ങറ സമരത്തിലെ മുഖ്യപങ്കാളിയായ എസ്.യു.സി.ഐ നേതാവ് രാധാമണിയും ബി.എസ്.പിയുടെ ബാനറിൽ മത്സരിച്ച ഡി.എച്ച്.ആർ.എം നേതാവ് സെലീന പ്രാക്കാനവും മത്സരരംഗത്തുണ്ടായിരുന്നു.

കൊല്ലത്ത് ഇടതുപക്ഷ സഹയാത്രികനായ കെ. ഭാസ്കരൻ സ്വതന്ത്രനായി മത്സരിച്ച് 3000-ൽപരം വോട്ടുകൾ നേടി. കൊല്ലം ജില്ലയിൽ നടന്നുവരുന്ന വിവിധ സമരങ്ങളുടെ പിന്തുണ നേടാൻ ഇദ്ദേഹത്തിനായില്ലെന്നാണ് കാണാൻ കഴിയുന്നത്. അതിശക്തമായ മത്സരമാണ് കൊല്ലത്ത് ഇടതു-വലതു മുന്നണികൾ തമ്മിൽ നടന്നതെന്ന വസ്തുതയും മറന്നുകൂടാ. മുഖ്യധാരയെ ബാധിക്കുന്ന വിധത്തിൽ ചില ഇടപെടലുകൾ നടത്താൻ കഴിയും വിധം ചില ജനകീയ സമരങ്ങളെങ്കിലും വളർന്നിരിക്കുന്നു എന്നതാണ് സത്യം. ■